## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 4269 — 25.6.2018 -ൽ മറുപടിക്ക്

### ഭിന്നശേഷിയുള്ളവർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തൊഴിൽ

**ചോദ്യം**

ശ്രീ. പി. ഉണ്ണി

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിയുള്ളവർക്ക് തൊഴിൽ നൽകുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

**ഉത്തരം**

ശ്രീ. ടി.പി. രാമകൃഷ്ണൻ
(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി)

(എ) എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കുന്ന എല്ലാ താൽക്കാലിക ഒഴിവുകളിലേക്കും പാർട്ട് ടൈം - സ്ഥിരം ഒഴിവുകളിലേക്കും ഉദ്യോഗാർത്ഥികളെ പരിഗണിക്കുമ്പോൾ അഡീഷണലായി ഒരു ഭിന്നശേഷിക്കാരനായ ഉദ്യോഗാർഥിയെ കൂടി നാമനിർദ്ദേശം ചെയ്യാറുണ്ട്. ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി സർക്കാർ ആവിഷ് ക്കരിച്ച് നടപ്പിലാക്കിയിട്ടുള്ള 'കൈവല്യ' എന്ന സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതിയുടെ ഘടകപദ്ധതികളായ വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ് പ്രകാരം ഉദ്യോഗാർത്ഥികൾക്ക് തൊഴിൽപരമായ മാർഗ്ഗനിർദ്ദേശം നൽകുകയും മത്സരപരീക്ഷാ പരിശീലനത്തിലൂടെ ഉദ്യോഗാർത്ഥികളെ വിവിധ മത്സര പരീക്ഷകളിൽ പങ്കെടുത്ത് തൊഴിൽ നേടുന്നതിന് പ്രാപ്തരാക്കുകയും ചെയ്യുന്നു. മത്സരപരീക്ഷാ പരിശീലനം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് ജോലി ലഭിക്കുന്നത് വരെയുള്ള ഒരു തുടർപരിശീലനമാണ്. കപ്പാസിറ്റി ബിൽഡിങ്ങിൽ ഭിന്നശേഷിക്കാരുടെ യോഗ്യതക്കും അഭിരുചിക്കും അനുസരിച്ചുള്ള ട്രെയിനിങ്ങും സോഫ്റ്റ് സ്കിൽ ട്രെയിനിങ്ങും മറ്റു പരിശീലനങ്ങളും നൽകി വരുന്നു. മത്സരപരീക്ഷാ പരിശീലനത്തിലൂടെ

പി.എസ്.സിയുടെ വിവിധ മത്സര പരീക്ഷകളിൽ ജോലി നേടുന്നതിനും വിവിധ ഷോർട്ട് ലിസ്റ്റ്/റാങ്ക് ലിസ്റ്റുകളിൽ സ്ഥാനം നേടുന്നതിനും സാധിച്ചിട്ടുണ്ട്. കൈവല്യ പദ്ധതിയുടെ ഭാഗമായി സ്വയംതൊഴിൽ പദ്ധതിയും നടപ്പാക്കുന്നുണ്ട്.

2016-ലെ പി.ഡബ്ല്യൂ.ഡി ആക്ട് പ്രകാരം ഭിന്നശേ ഷിക്കാരുടെ സംവരണം 4% ആയി ഉയർത്തിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഭിന്നശേഷിയുള്ള എത്രപേർക്ക് തൊഴിൽ നല്കുകയുണ്ടായി; വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് മുഖേന വിവിധ തസ്തികകളിലായി 1990 ഭിന്നശേഷിക്കാർക്ക് തൊഴിൽ നൽകുകയുണ്ടായി. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

1. തിരുവനന്തപുരം - 164
2. കൊല്ലം - 138
3. ആലപ്പുഴ - 181
4. പത്തനംതിട്ട - 87
5. കോട്ടയം - 149
6. എറണാകുളം - 323
7. ഇടുക്കി - 56
8. തൃശ്ശൂർ - 262
9. പാലക്കാട് - 118
10. മലപ്പുറം - 119
11. കോഴിക്കോട് - 172
12. വയനാട് - 58
13. കണ്ണൂർ - 92
14. കാസർഗോഡ് - 71

സെക്ഷൻ ഓഫീസർ